# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2401
# 06.12.2018 ലെ മറുപടിക്ക്

## ഗവൺമെന്റ് സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതി

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഗവൺമെന്റ് സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനായി കിഫ്ബിയിൽ നിന്നും രണ്ടാംഘട്ട പദ്ധതി പ്രകാരം 3 കോടി രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി, എസ്റ്റിമേറ്റ് പ്രകാരം ബാക്കി വേണ്ടുന്ന തുക എം.എൽ.എ.മാരുടെ ആസ്തി വികസനനിധിയിൽ നിന്നും അനുവദിക്കുന്നതിന് ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമാണോ; | പൊതുവദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഗവൺമെന്റ് സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനായി കിഫ്ബിയിൽ നിന്നും 3 കോടി രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി, എസ്റ്റിമേറ്റ് പ്രകാരം ബാക്കി വേണ്ടുന്ന തുക എം.എൽ.എ.മാരുടെ ആസ്തി വികസനനിധിയിൽ നിന്നും അനുവദിക്കുന്നതിന് 13/11/2018 ലെ സ.ഉ (പി)നം.176/2018/ധന. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ലഭ്യമല്ലെങ്കിൽ പ്രസ്തുത അനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയ്ക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് - അനുമതി മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിച്ച് ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(അ)നം.176/2018/ധന.** **തിരുവനന്തപുരം, തീയതി 13/11/2018**

---

**പരാമർശം :** 1) സ.ഉ.(പി)നം. 119/2018/ധന തീയതി 04/08/2018.
2) സ.ഉ.(പി)നം. 153/2017/ധന തീയതി 01/12/2017.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(2) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതി നടപ്പിലാക്കി വരികയാണ്. അതിനായി ഓരോ സ്കൂളിനും 3 കോടി രൂപ കിഫ്ബി സഹായമായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കി വരുന്ന തുക പങ്കാളിയാകുന്ന ഏജൻസി, സ്കൂൾ പി.ടി.എ, മറ്റ് സാമ്പത്തിക സ്രോതസ്സുകൾ മുഖേന കണ്ടെത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് കൂടി പ്രസ്തുത പദ്ധതിയ്ക്ക് പ്രയോജനപ്പെടുത്തുവാൻ അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(3) പരാമർശം (2) ലെ ഉത്തരവ് പ്രകാരം ഓരോ നിയോജകമണ്ഡലത്തിലേയും തെരഞ്ഞെടുത്ത ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയ്ക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ ഉത്തരവ് താഴെപറയും പ്രകാരം ഭേദഗതി ചെയ്യുന്നു.

i. പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 4(1) ൽ ആസ്തി വികസന ഫണ്ട്, സർക്കാർ നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിലെ ഇനങ്ങളായ ഓരോ നിയോജകമണ്ഡലത്തിലേയും തെരഞ്ഞെടുത്ത ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയ്ക്കും, തെരഞ്ഞെടുത്ത സ്കൂളുകളിലെ ഭൗതിക സാഹചര്യം

മെച്ചപ്പെടുത്തുന്ന പദ്ധതിയ്ക്കും വിനിയോഗിക്കാൻ അനുമതി നൽകുന്നു. എം.എൽ.എ മാർ ഇതിനായുള്ള തങ്ങളുടെ ശിപാർശകൾ അതാത് ജില്ലാകളക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാകളക്ടർമാർ ആയത് പരിശോധിച്ച്, ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് എ.ഡി.എസ് പോർട്ടൽ വഴി നൽകേണ്ടതും പ്രസ്തുത വകുപ്പിന്റെ അനുമതിയോടെ ആസ്തി വികസന ഫണ്ട് വിഹിതം ടി പ്രവൃത്തിയ്ക്ക് അനുവദിക്കുന്നതിന് അനുമതി പുറപ്പെടുവിക്കേണ്ടതുമാണ്. ആസ്തി വികസന ഫണ്ടിൽ നിന്നുള്ള ചെലവ് 5475-00-800-91 Projects under LAC-ADS(NP) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

ii. പരാമർശം (2) ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജീവ് കൗശിക് ഐ.എ.എസ്.**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
5. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
6. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
7. എല്ലാ എം.എൽ.എ മാർക്കും
8. എല്ലാ ഭരണവകുപ്പുകൾക്കും
9. എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും
10. എല്ലാ ജില്ലാകളക്ടർമാർക്കും
11. പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
12. അഡീഷണൽ സെക്രട്ടറി ധനകാര്യ പരിശോധനാവിഭാഗം
13. എല്ലാ ചീഫ് എഞ്ചിനീയർമാർക്ക്
14. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
15. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
16. നോഡൽ ഓഫീസർ www.finance.kerala.gov.in
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**